പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുവരികയാണ്. പ്രസ്തുത റോഡിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവേശന കവാടവും പ്രവർത്തനക്ഷമമാകുന്നതാണ്.

അച്ചടി വകുപ്പിലെ മ്യൂച്ചൽ ട്രാൻസ്ഫർ

241 (4865) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ G.O.(Ms) 117/02/ HEdn. തിയതി 10-9-2002 പ്രകാരം മ്യൂച്ചൽ ട്രാൻസ്ഫർ നൽകിയത് ആർക്കൊക്കെയാണ് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലംമാറ്റം ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാരുടെ പൊതുസ്ഥലമാറ്റമാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ഏതെങ്കിലും വ്യക്തികളോ സംഘടനകളോ പരാതികൾ ഉന്നയിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച് ഉയർന്ന ആക്ഷേപങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അച്ചടി വകുപ്പിൽ, ജി. ഒ (എം. എസ്)117/02/ഉ.വി.വ. തീയതി 10-9-2002-ലെ ഉത്തരവ് പുറപ്പെടുവിച്ചശേഷം മ്യൂച്ചൽ ട്രാൻസ്ഫർ നൽകിയിട്ടുളളത് ശ്രീ. വി. പി. അബ്ദുൾ കരീം, ശ്രീ. സി. പി. കുമാരൻ, ശ്രീ. ശശിധരക്കുറുപ്പ്, ശ്രീമതി പി. ശൈലജ എന്നിവർക്കാണ്. ഉത്തരവുകളുടെ കോപ്പി അനുബന്ധം (I, II) ആയി വയ്ക്കുന്നു.

(ബി&സി) മേൽ സ്ഥലംമാറ്റങ്ങൾക്കെതിരെ ആക്ഷേപം ഉണ്ടായിട്ടില്ല. എന്നാൽ അച്ചടി വകുപ്പ് ഡയറക്ടറുടെ 14-6-2001 ലെ 7322/00/ഇ4 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പി. എം. നാരായണൻ, ശ്രീ. എം. മുഹമ്മദ് ഇക്ബാൽ എന്നീ പേസ്റ്റ് അപ് ആർട്ടിസ്റ്റുകൾക്ക് സ്ഥലംമാറ്റം നൽകിയതിനെതിരെ ആക്ഷേപം ഉണ്ടായിട്ടുണ്ട്. കേരള ഗവൺമെന്റ് പ്രസ്സ് എംപ്ലോയീസ് യൂണിയൻ 30-6-2006-ലും ശ്രീ. കെ. പി. ജോഷ്വ എന്ന ഒരു വ്യക്തി 1/10-ലും പരാതികൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) 30-6-2006-ൽ ലഭിച്ച യൂണിയന്റെ പരാതി സർക്കാർ പരിശോധിക്കുകയും ആയത് നിയമവിരുദ്ധമായിരുന്നു എന്ന് കണ്ടെത്താതിരുന്നതിനാൽ നടപടികൾ അവസാനിപ്പിക്കുകയായിരുന്നു. ശ്രീ. കെ. പി. ജോഷ്വായുടെ ഇതേ വിഷയത്തിൽ ഉന്നയിച്ചിരിക്കുന്ന പരാതി സർക്കാർ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly